**<u>14 -ാം കേരള നിയമസഭ</u>**

**<u>22 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2822</u>** **<u>22-01-2021 - ൽ മറുപടിയ്ക്ക്</u>**

**<u>പി.പി. ജെറോമിന് മിനിമം പെൻഷൻ ലഭിക്കുന്നതിന് നടപടി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ജോൺ ഫെർണാണ്ടസ് | | Shri. K. Krishnankutty<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ആലപ്പുഴ ജില്ലയിലെ ഭൂജല വകുപ്പിൽ ജോലി ചെയ്തിരുന്ന പി.പി. ജെറോം, സി.എൻ.ആർ മുഖ്യമന്ത്രിക്ക് നൽകിയ പരാതിയിന്മേൽ (റ്റി (1)) 9288/2019 ഡി.ജി.ഡബ്ല്യു.) ഇതുവരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (എ) | ആലപ്പുഴ ജില്ലയിലെ ഭൂജല വകുപ്പിൽ ജോലി ചെയ്തിരുന്ന പി.പി.ജെറോം സി.എൽ.ആർ, മുഖ്യമന്ത്രിക്ക് നൽകിയ പരാതിയിന്മേൽ ആലപ്പുഴ ജില്ലാ ഓഫീസറിൽ നിന്നും റിപ്പോർട്ട് ഭൂജലവകുപ്പ് ഡയറക്ടർക്ക് ലഭിച്ചിട്ടുണ്ട്. ആയതിന്മേൽ തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | ജോലിക്കിടയിൽ ടിയാനുണ്ടായ അപകടത്തെത്തുടർന്ന് കാലുകൾക്ക് ഗുരുതരമായി പരിക്കേറ്റതിനാൽ ഒന്നരവർഷം ആലപ്പുഴ എം. സി. എച്ച്. ൽ ചികിത്സയിലായിരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ച ജില്ലാ ഓഫീസറുടെ റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ആലപ്പുഴ ജില്ല ഓഫീസറുടെ 04-08-2020 - ലെ ജി.ഡബ്ല്യു.എ/36/2019 കത്ത് പ്രകാരം, ടിയാൻ ഒന്നര വർഷം ആലപ്പുഴ എം.സി.എച്ച് - ൽ ചികിത്സയിലായിരുന്ന വിവരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച ജില്ലാ ഓഫീസറുടെ റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ട്. ടി റിപ്പോർട്ട് പ്രകാരം, ജൂനിയർ ജിയോ ഫിസിസ്റ്റ് ശ്രീ.അശോക് കുമാറിനെയും, ശ്രീ.പി.പി. ജെറോമിനെയും ഡിപ്പാർട്ട്മെന്റ് വാഹനത്തിൽ ഡാണാപ്പടിയിലുള്ള കുഴൽക്കിണർ നിർമ്മാണ സ്ഥലത്ത് എത്തിച്ചുവെന്ന് എസ്.എൽ.ആർ.ആയ ശ്രീ.നൗഷാദ് രേഖാമൂലം അറിയിച്ചു വെന്നും, ശ്രീ. അശോക് കുമാർ, ജൂനിയർ ജിയോഫിസിസ്റ്റ് നൽകിയ മറുപടിയിൽ ശ്രീ.പി.പി.ജെറോമിനെ 06-02-2014 ൽ ആലപ്പുഴ ജില്ലാ ഓഫീസിൽ നിന്നും വൈകുന്നേരം 4 മണിയോട് കൂടി ജില്ലാ ഓഫീസറുടെ നിർദ്ദേശപ്രകാരം കേരളവാട്ടർ അതോറിറ്റിയുടെ ട്യൂബ് വെൽ സൈറ്റിൽ ലോഗിംഗിന് സഹായിയായി കൊണ്ടുപോയി എന്നും, ജോലിക്കിടയിൽ ഭക്ഷണം കഴിക്കുവാൻ പോയപ്പോൾ അപകടം സംഭവിച്ചുവെന്നും ടിയാളെ ഹരിപ്പാട് താലൂക്ക് ആശുപത്രിയിലും തുടർന്ന് വണ്ടാനം മെഡിക്കൽ കോളേജ് ആശുപത്രിയിലും എത്തിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. |
| (സി) | പി.പി. ജെറോമിന് ആനുകൂല്യവും മിനിമം പെൻഷനും ലഭിക്കുന്നതിനാവശ്യമായ നടപടികൾ | (സി) | സി.എൽ.ആർ ജീവനക്കാർക്ക് പെൻഷൻ നൽകാനുള്ള വ്യവസ്ഥയില്ലാത്തതിൽ ടിയാന് |

| | | | |
|---|---|---|---|
| | സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ എന്ന് അറിയിക്കുമോ? | | പെൻഷൻ നൽകുവാൻ സാധിക്കില്ല. എന്നാൽ ടിയാൻ എസ്.എൽ.ആർ ആയി ജോലി ചെയ്തിരുന്ന സമയത്ത് ഡി.സി.ആർ.ജി ആനുകൂല്യം ഉള്ളതിനാൽ ആയത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ